# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01    ലക്കം : 12    2023 ഡിസംബർ




- **ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം**
- **കാഴ്ച പരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക പുരസ്കാരം**
- **അനുവദിച്ച തുകയുടെ പൂർണ വിനിയോഗം**
- **ഓരോ 1000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം**
- **അർഹരായ കുടുംബങ്ങളിലെ 90% കുടുംബങ്ങൾക്കും ഒരു ആയുഷ്മാൻ കാർഡെങ്കിലും ഉറപ്പാക്കിയ സംസ്ഥാനം**

## കാരുണ്യ പദ്ധതികൾ: കേരളത്തിന് ദേശീയതലത്തിൽ അഞ്ചു പുരസ്കാരം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്) അഞ്ചു ദേശീയ അംഗീകാരങ്ങൾ കരസ്ഥമാക്കി.

രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം, കാഴ്ച പരിമിതർക്കായി പ്രത്യേകം ലഭ്യമാക്കിയ സേവനങ്ങൾ, അനുവദിച്ച തുകയുടെ പൂർണ വിനിയോഗം, ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, 90% കുടുംബങ്ങൾക്കും ആയുഷ്മാൻ കാർഡ് ഉറപ്പാക്കിയ സംസ്ഥാനം എന്നീ അഞ്ച് വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ ലഭിച്ചത്.

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയാണ് രാജ്യത്ത് ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിനുള്ള മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള അവാർഡ് കരസ്ഥമാക്കിയത്. ഏറ്റവും കൂടുതൽ ചികിത്സ നൽകിയ സംസ്ഥാനം എന്ന വിഭാഗത്തിൽ ഈ സർക്കാരിന്റെ കാലത്ത് തുടർച്ചയായി മൂന്നാം തവണയാണ് ഈ പുരസ്കാരം ലഭിക്കുന്നത്.

ആരോഗ്യ പരിരക്ഷാപദ്ധതികളിൽ ആരും പിന്നിലാകരുത് എന്ന സുസ്ഥിര വികസന ലക്ഷ്യം മുൻനിർത്തി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സംസ്ഥാനത്തെ കാഴ്ച പരിമിതരായിട്ടുള്ള ഗുണഭോക്താക്കൾക്കായി ചികിത്സാ കാർഡ് ബ്രെയ്‌ലി ലിപിയിൽ ലഭ്യമാക്കിയിരുന്നു. കാഴ്ചപരിമിതരായ അനേകം പേർക്കാണ് ഇതിലൂടെ ആശ്വാസമായത്. ഇതിന് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്ന വിഭാഗത്തിലെ പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്.

കഴിഞ്ഞ സാമ്പത്തികവർഷം 1500 കോടിയിലധികം രൂപയുടെ വിനിയോഗം ഉറപ്പാക്കിയതിലൂടെ, അനുവദിച്ച തുകയുടെ പൂർണ വിനിയോഗം എന്ന വിഭാഗത്തിലും പുരസ്കാരംലഭിച്ചു. സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷം കൊണ്ട് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതി

കളിലൂടെ 3200 കോടിയിലധികം രൂപയുടെ സൗജന്യ ചികിത്സയാണ് ഉറപ്പാക്കിയത്. കാസ്പ് പദ്ധതി വഴി കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 13 ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് 30 ലക്ഷത്തോളം ക്ലെയിമുകളിലൂടെ ചികിത്സ നൽകി.

ഓരോ 1000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, അർഹരായ കുടുംബങ്ങളിലെ 90% കുടുംബങ്ങൾക്കും ഒരു ആയുഷ്മാൻ കാർഡ് എങ്കിലും ഉറപ്പാക്കിയ സംസ്ഥാനം എന്നീ വിഭാഗങ്ങളിലും നേടിയ പുരസ്കാരം, സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിൽ കേരളത്തിന്റെ അഭിമാന നേട്ടമാണ്. സർക്കാർ ആശുപത്രികൾ, എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികൾ, ആരോഗ്യ പ്രവർത്തകർ, ആശ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി കേരളത്തിന്റെ വിവിധ മിഷനുകളുടെയും ആരോഗ്യ പ്രവർത്തകരുടെയും നിസ്വാർഥ സേവനത്തിലൂടെയാണ് ഈ നേട്ടം നമുക്ക് സ്വന്തമാക്കാനായത്. സമഗ്രവും സുസ്ഥിരവുമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിൽ നമ്മുടെ സംസ്ഥാനത്തിനു കരുത്തുപകരുന്ന നേട്ടമാണ് ഈ കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് കൈവരിക്കാനായത്.

സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തരമാണ് കാസ്പ് പദ്ധതി നടപ്പാക്കുന്നത്. സർക്കാർ സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 566 ആശുപത്രികളിൽ നിന്നും ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സാസേവനം ലഭ്യമാകുന്നുണ്ട്. കാസ്പ് പദ്ധതിയിൽ ഉൾപ്പെടാത്ത മൂന്നു ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാന പരിധിയുള്ള കുടുംബങ്ങൾക്കായി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി മുഖാന്തരവും ഈ ആശുപത്രികൾ വഴി ചികിത്സാസേവനങ്ങൾ ഉറപ്പാക്കുന്നു. ഇതോടൊപ്പം 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന ആരോഗ്യകിരണം, കേൾവി പരിമിതിയുള്ള അഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ഉറപ്പാക്കുന്ന ശ്രുതിതരംഗം തുടങ്ങി വിവിധ ആരോഗ്യ-ക്ഷേമ പദ്ധതികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. ○

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ. രത്തൻ യു. കേൽക്കർ** IAS
(എക്സിക്യുട്ടീവ് ഡയറക്ടർ )

എഡിറ്റർ :
**തേജസ് തോമസ് ഉഴുവത്ത്.**
(മാനേജർ-
ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി.**
(എക്സിക്യുട്ടീവ് -
ഐ.ഇ.സി & സി.ബി)

***അംഗങ്ങൾ***
**ഡോ. ബിജോയ് ഇ.**
(ജോയ്ന്റ് ഡയറക്ടർ -
ഓപ്പറേഷൻസ്)

**ഷൈനി വി. എൻ.**
(ജോയ്ന്റ് ഡയറക്ടർ - ഫിനാൻസ്
& അഡ്മിനിസ്ട്രേഷൻ)

**ഡോ. വിമൽ വി. വി.**
(ജോയ്ന്റ് ഡയറക്ടർ -
മെഡിക്കൽ )

# നിത്യവേദനയ്ക്ക് വിരാമമിട്ട് കാരുണ്യ കുടുംബത്തിൽ മറ്റൊരംഗമായി അനിത

**ആ**ലപ്പുഴ ജില്ലയിലെ മുളക്കുഴ കൊഴുവല്ലൂർ സ്വദേശിയാണ് 47 വയസ്സുള്ള അനിത. ജീവിതത്തിന്റെ നല്ലൊരു കാലയളവും പ്രമേഹരോഗത്തിന് അടിമയായിരുന്നു. മാനസികവെല്ലുവിളി നേരിടുന്ന സഹോദരനും ഹൃദയസംബന്ധമായ രോഗമുള്ള അമ്മയും പിന്നെ ഏക മകളും അടങ്ങുന്നതാണ് കുടുംബം. മകൾക്കു 12 വയസ്സുള്ളപ്പോൾ അനിതക്ക് ഭർത്താവിനെ നഷ്ടപ്പെട്ടു. അതോടെ, തന്നെ ആശ്രയിച്ചു കഴിയുന്ന സഹോദരന്റെയും അമ്മയുടെയും ചികിത്സയ്ക്കും മകളുടെ പഠനത്തിനുമുള്ള വഴിയടഞ്ഞു. തന്റെ രോഗാവസ്ഥ കണക്കിലെടുക്കാതെ ആശ്രിതരെ പോറ്റുന്നതിനായി അയൽവീടുകളിൽ പണിയെടുത്തു. രോഗം മൂർച്ഛിക്കുമ്പോൾ അടുത്തുള്ള സ്വകാര്യ ആശുപത്രയിൽ ചികിത്സതേടുക പതിവായി. വരുമാനത്തിന്റെ നല്ലൊരു ശതമാനം അതിനായി ചെലവാക്കേണ്ടിവരുന്നു.



## ഷൈനി വി. എൻ.
**ജോയ്ന്റ് ഡയറക്ടർ (ഫിനാൻസ്)**

**കേ**രള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേഷൻ വിഭാഗം ജോയ്ന്റ് ഡയറക്ടറായി നിയമിതയായ ഷൈനി വി എൻ ചുമതലയേറ്റു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സീനിയർ ഫിനാൻസ് ഓഫീസറായി പ്രവർത്തിച്ചുവരികയായിരുന്നു. സംസ്ഥാന ധനവകുപ്പിലെ ജോയ്ന്റ് സെക്രട്ടറിയായ ഷൈനി, സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ്, സംസ്ഥാന ഭക്ഷ്യ സുരക്ഷാവകുപ്പ്, സംസ്ഥാന സർവ്വേയും ഭൂരേഖയും വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ ഫിനാൻസ് ഓഫീസറായും പ്രവർത്തിച്ചിട്ടുണ്ട്



## ഡോ. വിമൽ വി.വി.
**ജോയ്ന്റ് ഡയറക്ടർ (മെഡിക്കൽ)**

**സ്റ്റേ**റ്റ് ഹെൽത്ത് ഏജൻസി മെഡിക്കൽ വിഭാഗം ജോയ്ന്റ് ഡയറക്റായി ഡോ. വിമൽ വി വി ഒക്ടോബർ 14 ന് ചുമതലയേറ്റു. ചൈന ത്രീ ഗോർജസ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.ബി.ബി. എസ്സും. രാജസ്ഥാൻ മേവാർ യൂണിവേഴ്സിറ്റിയിൽ നിന്നും ഹെൽത്ത് കെയർ അഡ്മിനിസ്ട്രേഷനിൽ എം.ബി.എ യും നേടിയ അദ്ദേഹം വിവിധ സ്വകാര്യ ആശുപത്രികളിൽ മെഡിക്കൽ ഓഫീസറായും പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ഹോസ്പിറ്റൽ നെറ്റ്വർക്കിങ് & ക്വാളിറ്റി അഷുറൻസ് വിഭാഗം മാനേജറായി പ്രവർത്തിച്ചുവരികയായിരുന്നു.



പെട്ടെന്നാണ് കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞത്. അനിത ജോലിചെയ്തിരുന്ന വീടിന്റെ മുറ്റത്തുനിന്നും കാൽപാദത്തിന്റെ അടിയിൽ കമ്പ് തുളഞ്ഞു കയറി. മുറിവേറ്റ കാലുമായി ചികിത്സിക്കാതെ ദിവസങ്ങളോളം ജോലിക്ക് പോയതിനാൽ വേദന കനത്തു. തുടർന്ന് ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ, മുറിവേറ്റ ഭാഗത്ത് ഇൻഫെക്ഷൻ കലശലായെന്ന് കണ്ടെത്തി. ഉടൻ വിദഗ്ധ ചികിത്സ തുടങ്ങണമെന്ന് ഡോക്ടർ നിർദേശിച്ചു.

ചിലവേറിയ ചികിത്സയ്ക്ക് വഴിയില്ലാതെ വിഷമിച്ച കുടുംബത്തെ സഹായിക്കാൻ ആശുപത്രിയിലെ ആരോഗ്യ ഇൻഷുറൻസ് കൗണ്ടറിലെ ജീവനക്കാർ തന്നെ മുൻകൈയെടുത്തു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സൗജന്യ ചികിത്സയ്ക്ക് അർഹതയുണ്ടോയെന്ന് അവർ തന്നെ പരിശോധിച്ചു. ഉണ്ടെന്നറിഞ്ഞതോടെ കുടുംബത്തിന് തെല്ല് ആശ്വാസമായി. ഉടൻ ചികിത്സ തുടങ്ങി. രോഗം ഭേദമായി. ഇൻഷുറൻസ് സഹായമില്ലായിരുന്നുവെങ്കിൽ അസാധ്യമായിരുന്ന ചികിത്സയ്ക്ക് തുണയായ കാരുണ്യ പദ്ധതിക്കും കാസ്പിനും ആശുപത്രിയിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും നന്ദി പറഞ്ഞ് അനിത ആശുപത്രി വിടുമ്പോൾ കാരുണ്യകുടുംബത്തിൽ മറ്റൊരംഗം കൂടി ചേർന്നതിന്റെ ചാരിതാർഥ്യമായിരുന്നു ആശുപത്രിജീവനക്കാർക്കും ആരോഗ്യ മിത്ര പ്രവർത്തകർക്കും.

**ഫെബിൻ ജോസഫ്.**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
ആലപ്പുഴ

# ശ്രുതിതരംഗം: 25 പേരുടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി പൂർത്തിയായി

**ശ്രു**തിതരംഗം പദ്ധതി വഴി കോക്ലിയർ ഇംപ്ലാന്റേഷന്‌വേണ്ടി ടെക്നിക്കൽ കമ്മിറ്റി ആദ്യ ഘട്ടത്തിൽ അംഗീകാരം നൽകിയ 44 പേരിൽ 25 പേരുടെ ശസ്ത്രക്രിയ പൂർത്തിയായി. ബാക്കിയുള്ളവരുടെ ശസ്ത്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കും. രണ്ടാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ 14 എണ്ണത്തിനും, മൂന്നാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ 23 എണ്ണത്തിനുംകൂടി അംഗീകാരം നൽകിയിട്ടുണ്ട്. ശസ്ത്രക്രിയയും പൂർത്തിയാക്കിയവർക്കായി ഓഡിയോ വെർബൽ ഹാബിറ്റേഷൻ തെറാപ്പി, ഉപകരണങ്ങളുടെ മെയിന്റനൻസ്, പ്രോസസർ അപ്ഗ്രഡേഷൻ, മറ്റ് തുടർ ചികിത്സാ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കിയിട്ടുണ്ടെന്നും ആരോഗ്യ മന്ത്രി വീണ ജോർജ്ജ് വ്യക്തമാക്കി.

ശ്രുതിതരംഗം പദ്ധതി വഴി നിലവിൽ ഇംപ്ലാന്റ് ചെയ്ത ഉപകരണങ്ങളുടെ മെയിന്റനൻസ്, പ്രോസസർ അപ്ഗ്രഡേഷൻ എന്നിവ ഉറപ്പാക്കുന്നതിന് ടെൻഡർ നടപടികൾ പൂർത്തിയായി. മുൻപ് സാമൂഹ്യ നീതി വകുപ്പ് തുടർന്നുപോന്ന അതേ കമ്പനികളുമായി കെ.എം.എസ്.സി.എൽ. മുഖേനയാണ് നടപടികൾ പൂർത്തിയാക്കിയത്. നിലവിൽ ഇംപ്ലാന്റ് ചെയ്ത ഉപകരണങ്ങളുടെ മെയിന്റനൻസ്, പ്രോസസർ അപ്ഗ്രഡേഷൻ എന്നിവ ആവശ്യമുള്ളവർക്ക്, എംപാനൽ ചെയ്ത ആശുപത്രികൾ മുഖേന സേവനം സമയബന്ധിതമായി ലഭ്യമാകും. കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഓരോ കുട്ടിക്കും 50,000 രൂപ വീതം പഞ്ചായത്തുകൾ വകയിരുത്തണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതത് തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഇതിനായി തുക ലഭ്യമാക്കുക.

ശ്രവണ വൈകല്യം നേരിടുന്ന അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനും അനുബന്ധ സേവനങ്ങളും സൗജന്യമായി ഉറപ്പാക്കാനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ് പദ്ധതിയുടെ നിർവഹണ ചുമതല വഹിക്കുന്നത്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾ വഴിയും എംപാനൽ ചെയ്ത ആറ് ആശുപത്രികളിൽ നിന്നും ഗുണഭോക്താക്കൾക്ക് സൗജന്യ സേവനം ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് ടോൾഫ്രീ നമ്പരുകളായ 1056/104 എന്നിവയിൽ






# ആശങ്കകൾക്കിടയിൽ വൃക്ക രോഗികൾക്ക് ആശ്വാസവുമായി കാരുണ്യക്കോപ്പം

**ഇ**ന്ത്യയിൽ വൃക്ക രോഗികളുടെ (ക്രോണിക് കിഡ്നി ഡിസീസ് - CKD) എണ്ണത്തിലുള്ള ഭയാനകമായ വർദ്ധനവ് പൊതുജനാരോഗ്യത്തിന്റെ ഒരു പ്രധാന ആശങ്കയായി മാറിയിരിക്കുന്നു.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഏകദേശം 500 ദശലക്ഷം ആളുകൾ ഇതിന് വിധേയരാണ്. ഡയാലിസിസിന്റെ സാമ്പത്തിക ബാധ്യത സി.കെ.ഡി ബാധിതർക്ക് ഒരു പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു. ആഴ്ചയിൽ മൂന്നു തവണ ഡയാലിസിസ് ചെയ്യാനുള്ള ചെലവ് രോഗികൾ വഹിക്കണം.ഇത് 1000 രൂപയ്ക്ക് മുകളിലായിരിക്കും.

ഔദ്യോഗിക കണക്കുകൾ പ്രകാരം 23,500 രോഗികൾ മെയിന്റനൻസ് ഹീമോഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്ന കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. സംസ്ഥാനത്ത് ഒരു ദശലക്ഷത്തിൽ 635 പേർ ഡയാലിസിസ് ചെയ്യുന്നവരാണ്. ഇത്തരമൊരു പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, ഡയാലിസിസിന് വിധേയരായ രോഗികൾക്ക് ധനസഹായം നൽകുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (KASP) പദ്ധതി ആശ്വാസമായി മാറി.

***ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഏകദേശം 500 ദശലക്ഷം ആളുകൾ സി.കെ.ഡിക്ക് വിധേയരാണ്. ഡയാലിസിസിന്റെ സാമ്പത്തിക ബാധ്യത ഒരു പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു.***

കോഴിക്കോട്, മലാപ്പറമ്പിലെ ഇഖ്റ ഇന്റർനാഷണൽ ഹോസ്പിറ്റലിൽ PMJAY KASP ഇൻഷുറൻസ് പദ്ധതിക്ക് കീഴിലുള്ള നൂറോളം രോഗികൾ ഉൾപ്പെടെ പ്രതിദിനം മുന്നൂറോളം രോഗികൾക്ക് ഡയാലിസിസ് നൽകി വരുന്നു. KASP/KBF പദ്ധതിയിൽ വൃക്ക മാറ്റിവയ്ക്കൽ നടത്തുന്ന ഏക സ്വകാര്യ ആശുപത്രി കൂടിയാണ് ഇഖ്റ ഇന്റർനാഷണൽ ഹോസ്പിറ്റൽ.

2,85,000 രൂപ ചെലവിൽ ഡോണർ നെഫ്രെക്ടമി ഉൾപ്പെടെ, 2022-2023 കാലയളവിൽ ആശുപത്രി 160 വൃക്ക മാറ്റിവയ്ക്കൽ പൂർത്തിയാക്കി. ഇത്തരം സംരംഭങ്ങൾ CKD ബാധിതർക്ക് പ്രതീക്ഷയുടെ കിരണങ്ങൾ നൽകുന്നു. KASP സ്കീം പദ്ധതി കിഡ്നി രോഗികൾക്ക് ഡയാലിസിസ്, വൃക്ക മാറ്റിവയ്ക്കൽ, എവിഎഫ് ഫിസ്റ്റുല, പെർംകാത്ത് ഇൻസേർഷൻ, പെരിറ്റോണിയൽ കത്തീറ്റർ ഇൻസേർഷൻ എന്നിവയെല്ലാം നൽകുന്നു.

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ സികെഡി ബാധിച്ചവരെ സഹായിക്കാൻ ഇത്തരം സംരംഭങ്ങൾ കൂടുതൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഡയാലിസിസിന് വിധേയരായവർക്ക് ധനസഹായം നൽകുന്നതിനും രോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സർക്കാർ തുടർനടപടികൾ സ്വീകരിക്കണം. ഇത്തരമൊരു ശ്രമത്തിലൂടെ, രോഗികളിലും സമൂഹത്തിലും സികെഡിയുടെ ഭാരം കുറയ്ക്കാനാകും.

**ഫൈസൽ ബാബു.**
പ്രോജക്ട് മാനേജർ
ഇഖ്റാ ഇന്റർനാഷണൽ
ഹോസ്പിറ്റൽ & റിസർച്ച് സെന്റർ



# സന്ധിവേദനയ്ക്ക് ആശ്വാസമായി കട്ടപ്പനയിലെ കാരുണ്യം

സന്ധിവേദനയിൽ കഷ്ടപ്പെടുന്ന കട്ടപ്പനക്കാർക്ക് ആശ്വാസവും ആശ്രയവുമായി താലൂക്ക് ആശുപത്രിയും കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയും.

മുട്ട്, ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് സർവ്വസന്നാഹവുമൊരുക്കിയ ആശുപത്രിയിൽ പാവപ്പെട്ട രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിൽ സൗജന്യ ചികിത്സയും സുഗമമായതോടെ, കട്ടപ്പന നിവാസികൾ ചികിത്സയ്ക്കായി അനുഭവിച്ചുവന്ന യാത്രാക്ലേശത്തിനും സാമ്പത്തിക പരാധീനതകൾക്കും പരിഹാരമായി.

കാസ്പ് പദ്ധതി പ്രകാരം 50 മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും (Total Knee Replacement), 8 ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും (Total Hip Replacement) ഈ ആശുപത്രിയിൽ ഇതിനകം നടത്തി. പ്രതിവർഷം 5 ലക്ഷം രൂപ വരെയുള്ള ചികിത്സയ്ക്ക് സൗജന്യ ആരോഗ്യ ഇൻഷുറൻസ് സഹായം ലഭ്യമാക്കുന്ന കാരുണ്യ പദ്ധതി 2020 നവംബറിലാണ് ഇവിടെ നടപ്പായത്. ആശുപത്രിയിൽ സജ്ജമാക്കിയ കാസ്പ് കിയോസ്കിൽ നിന്നും പദ്ധതി സംബന്ധമായ എല്ലാ വിവരങ്ങളും സേവനങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.

2020 അവസാനത്തോടെ പ്രവർത്തനം ആരംഭിച്ച പുതിയ ഓപ്പറേഷൻ തീയറ്ററിൽ രണ്ടായിരത്തോളം ശസ്ത്രക്രിയകളാണ് ഇതിനകം നടത്തിയത്. ഹൈറേഞ്ചിലെ സർക്കാർ ആശുപത്രികളിൽ സന്ധി മാറ്റിവക്കൽ ശസ്ത്രക്രിയകൾ വിരളമായിരുന്നതിനാൽ, ഈ പ്രദേശത്തെ സാധാരണക്കാർക്ക് ഏറെ അകലെയുള്ള കോട്ടയം മെഡിക്കൽ കോളേജിനെയോ സ്വകാര്യ ആശുപത്രികളെയോ ആശ്രയിക്കണമായിരുന്നു.

രോഗികൾക്ക് യാത്ര ക്ലേശവും താങ്ങാനാകാത്ത പണച്ചെലവും വരുത്തിയിരുന്ന ഈ അവസ്ഥയ്ക്ക് പരിഹാരമൊരുക്കിയിരിക്കുകയാണ് കട്ടപ്പന താലൂക്ക് ആശുപത്രിയിലെ പുതിയ ഓപ്പറേഷൻ തിയേറ്ററും സർക്കാരിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയും.

**രമേഷ് പരമശിവർ**
'പ്രധാൻമന്ത്രി ആരോഗ്യമിത്ര'
താലൂക്ക് ആശുപത്രി, കട്ടപ്പന.



# ബോബിക്ക് ജീവിതയാത്രയിൽ രക്ഷിതാവായി കാരുണ്യ

**2023** സെപ്തംബർ 24. പതിവുപോലെ വെളുപ്പിന് പണിക്ക് പുറപ്പെട്ടതാണ് ഓട്ടോറിക്ഷാഡ്രൈവറായ ബോബി. പക്ഷെ പതിവില്ലാതെ ഒരു ബുദ്ധിമുട്ട്, നെഞ്ചിൽ എന്തോ ഒരു ഭാരം കയറ്റിവച്ചതുപോലെ. തിരികെ വിശ്രമിക്കാമെന്നു കരുതി വീട്ടിലേക്ക് മടങ്ങിയെങ്കിലും അധികം വൈകാതെ ബുദ്ധിമുട്ട് വർധിച്ചു. മൂന്നു കിലോമീറ്റർ അകലെയുള്ള സ്വകാര്യ ആശുപത്രിയിലെത്തിക്കുമ്പോഴേക്കും തീരെ അവശനായിരുന്നു. അടിയന്തരമായി ആൻജിയോപ്ലാസ്റ്റി നടത്തി ഐ.സി.യുവിലേക്ക് മാറ്റി. പക്ഷെ പിന്നെയും പലവട്ടം ഹൃദയാഘാതമുണ്ടായി. മൂന്ന് ആൻജിയോപ്ലാസ്റ്റി കൂടി വേണ്ടിവന്നു ബോബിയുടെ ജീവൻ രക്ഷിക്കാൻ.

46 വയസ്സുള്ള ബോബി എടക്കാട്ടുവയൽ പഞ്ചായത്തിലെ വട്ടപ്പാറയിലാണ് താമസം. വീട്ടിൽ കൂട്ടിന് 73 വയസായ അമ്മയും ഭാര്യയും മാത്രം. മറ്റുവരുമാന മാർഗങ്ങളൊന്നുമില്ല. 2023 ഒക്ടോബർ 10 ന് ആശുപത്രി വിടുമ്പോഴേക്കും നാലുലക്ഷത്തോളം രൂപയുടെ ചികിത്സയാണ് ബോബിയെ ജീവിതത്തിലേക്ക് തിരികെകൊണ്ടുവരാനായി കാരുണ്യ ഫണ്ടിൽ നിന്ന് ചെലവഴിച്ചത്. പൂർണാരോഗ്യത്തിലേക്കും പഴയ ജീവിതത്തിലേക്കും ഓടിയെത്താനുള്ള തത്രപ്പാടിലാണ് ബോബിയും കുടുംബവും ഇപ്പോൾ.

ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗമായതു കൊണ്ട് മാത്രമാണ് ഭാരിച്ച ചികിത്സാ ചെലവുകൾ മറികടക്കാൻ ആ കുടുംബത്തിന് സാധിച്ചത്.

**ഹേമ കെ.ആർ.**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
എറണാകുളം

# അന്യൂറിസത്തെ അതിജീവിക്കാൻ കാരുണ്യ

തലയ്ക്കുപുറകിലും കഴുത്തിലും തളം കെട്ടിയ അസഹ്യവേദനയുമായി ആശുപത്രിയിലേക്ക് പോകുമ്പോൾ ഇതൊരു സങ്കീർണമായ പ്രശ്നമാകുമെന്ന് ആന്റണി കരുതിയിരുന്നില്ല. വൈക്കത്തെ സ്വകാര്യ ആശുപത്രിയിൽ നടത്തിയ പരിശോധനയിലാണ് കാര്യത്തിന്റെ ഗൗരവം മനസ്സിലായത്. തലച്ചോറിലേക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുന്നതാണ് പ്രശ്നം. അഞ്ചുലക്ഷം രൂപയിലധികം ചെലവ് വരും ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സകൾക്കും.

ആശാരിപ്പണിചെയ്ത് ഉപജീവനം നടത്തുന്ന ആന്റണിക്ക് ആ സ്വകാര്യ ആശുപത്രിയിൽ തുടരാൻ കഴിയുമായിരുന്നില്ല. ഭാര്യ മറിയാമ്മയും മകൻ അമലും ചേർന്ന് ആന്റണിയെ ഉടൻ കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിലെത്തിച്ചു. ഡോ. അശ്വിൻ പത്മനാഭന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം പരിശോധനകൾക്ക് ശേഷം ആദ്യം 'കോയിൽ എംബൊലൈസേഷൻ' എന്ന ശസ്ത്രക്രിയ ചെയ്തു. ഏതാനും ദിവസങ്ങൾക്ക് ശേഷം. 'ഫ്ലോ ഡൈവേർട്ടർ' എന്ന ഉപകരണം ഘടിപ്പിച്ചു.

വീണ്ടും ചില ദിവസങ്ങൾ ആശുപത്രിയിൽ ചെലവഴിച്ച് വീട്ടിലേക്ക് മടങ്ങുമ്പോഴാണ് 3,96,000 രൂപ ചെലവുള്ള ചികിത്സ ഒരു രൂപപോലും ചെലവാക്കാതെ തനിക്ക് ലഭിച്ചതെന്ന വിവരം ആന്റണി അറിയുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയുടെ സഹായത്തിനും



ചികിത്സിച്ച ഡോക്ടർമാർക്കും ആശുപത്രി ജീവനക്കാർക്കും നന്ദിപറഞ്ഞ് പടിയിറങ്ങുമ്പോൾ ആന്റണിയുടെയും ഭാര്യയുടെയും കണ്ണുകൾ ഈറനണിഞ്ഞു.

**ടോണി തോമസ്.**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
കോട്ടയം

# 'ഇനി എനിക്കും നിവർന്ന് നടക്കാം'

മനീഷക്കു കുട്ടിക്കാലത്തു തുടങ്ങിയതാണ് നട്ടെല്ല് വളയുന്ന അസുഖം. ഇപ്പോൾ ഇരുപത്തൊൻപതു വയസ്സായി. മാതാപിതാക്കൾ മലയാളികളാണെങ്കിലും ജാർഖണ്ഡിലാണ് മനീഷ പഠിച്ചതും വളർന്നതും.

വൈഷമ്യങ്ങൾ അതിജീവിച്ച് പഠിച്ചു. ബിരുദമെടുത്ത് സ്കൂളിൽ അദ്ധ്യാപികയായി. അപ്പോഴാണ് ഒരു ശസ്ത്രക്രിയയിലൂടെ വൈകല്യത്തെ മറികടക്കാൻ സാധിക്കുമെന്നും മറ്റുള്ളവരെപ്പോലെ നിവർന്നുനടക്കാൻ തനിക്കാവുമെന്നും മനീഷ മനസ്സിലാക്കിയത്. പക്ഷേ അതിനുള്ള ഭാരിച്ച ചെലവ് താങ്ങാൻ മാതാപിതാക്കൾക്കാവില്ല എന്നത് മനീഷയെ ആ ലക്ഷ്യത്തിൽ നിന്നും പിന്തിരിപ്പിച്ചു.

ആയിടയ്ക്കാണ് തൃശൂർ സർക്കാർ മെഡിക്കൽ കോളേജിൽ SURGICAL CORRECTION OF KHYPHOSIS എന്ന ആ ശസ്ത്രക്രിയ കുറഞ്ഞ ചെലവിൽ ചെയ്യുന്നുണ്ടെന്ന് അറിഞ്ഞത്. കുടുംബത്തിന് PMJAY ൽ ആരോഗ്യ ഇൻഷുറൻസ് ഉള്ളതുകൊണ്ട് തികച്ചും സൗജന്യമായി ശസ്ത്രക്രിയ ചെയ്യാൻ സാധിക്കും എന്ന അറിവ് മനീഷയ്ക്ക് ധൈര്യം പകർന്നു.

അങ്ങനെ 2023 ഏപ്രിലിൽ ആശുപത്രിയിലെത്തിയ യുവതിക്ക് ശസ്ത്രക്രിയയിലൂടെ നടുവ് നിവർക്കാനായി. ഇനി ഫിസിയോതെറാപ്പി മാത്രം. 'എനിക്കും നിവർന്ന് നടക്കാം'– മനീഷയുടേയും





അമ്മയുടേയും വാക്കുകളിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയോടുള്ള നന്ദി പ്രകടമായിരുന്നു.

**റെനി കുര്യാക്കോസ്.**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
തൃശ്ശൂർ

# കാസ്പിന്റെ കരുതലിൽ സിറാജുദ്ദീന് പുതുജീവൻ




**മ**ദ്രസ്സ അധ്യാപകനും മതപ്രഭാഷകനുമാണ് 40 വയസ്സുള്ള സിറാജുദ്ദീൻ. അധ്യാപനത്തിൽ നിന്നുള്ള ദിവസക്കൂലി വരുമാനമാണ് കുടുംബത്തിന്റെ ഏക അത്താണി.

കഴിഞ്ഞ ഫെബ്രുവരിയിൽ പെട്ടെന്നുണ്ടായ നെഞ്ച് വേദനയെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആൻജിയോഗ്രാം ചെയ്തു. പക്ഷേ ഇടതു ആന്റീരിയർ ആർട്ടറിയെ പൂർണമായും 3 വെസ്സൽ ഡിസീസ് ബാധിച്ചത് സ്ഥിതി സങ്കീർണമാക്കി.

വലതു കൊറോണറി വെസ്സലിൽ ഏതു നിമിഷവും പൊട്ടാവുന്ന തരത്തിൽ വലിയൊരു അന്യൂറിസം ദൃശ്യമായത് ഞെട്ടലോടെയാണ് ഡോക്ടർമാർ കണ്ടത്. ബി.കെ.സി.സി യിലെ ഡോക്ടർ ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള വിദഗ്ധ പാനൽ ആൻജിയോപ്ലാസ്റ്റി വഴി ബ്ലോക്ക് നീക്കം ചെയ്തു. തുടർന്ന് എൻഡോവാസ്ക്യൂലർ കൊറോണറി ആർട്ടറി റിപ്പയർ പ്രോസിജിയർ ചെയ്തു ലാർജ് കൊറോണറി അന്യുറിസം സുഖപ്പെടുത്തി.

അതിസങ്കീർണമായിരുന്നു ശസ്ത്രക്രിയകളും ചികിത്സയും. താങ്ങാനാകാത്ത ചെലവുകൾക്ക് കാസ്പിന്റെ കരുതൽ ഒപ്പമുണ്ടായി. ആശുപത്രിക്കും അതൊരു പുതിയ നാഴികക്കല്ലായി.

ജീവനും ജീവിതവും വീണ്ടെടുക്കാനായതിന്റെ ആഹ്ലാദത്തിലും ആശ്വാസത്തിലുമാണ് സിറാജുദ്ദീന്റെ കുടുംബം ഇപ്പോൾ.

**ജിനേഷ് കെ.പി.**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
മലപ്പുറം

# ഇനി ആശങ്കയില്ലാതെ ആരോഗ്യജീവിതം

**കു**വൈറ്റിലെ ദീർഘകാല പ്രവാസജീവിതത്തിനിടയിലും നാട്ടിൽ കുടുംബത്തോടൊപ്പം താമസമാക്കാൻ ജിനീഷ് ആഗ്രഹിച്ചിരുന്നു.എന്നാൽ 2018 ൽ നാട്ടിലെത്തിയ ജിനേഷിന് ഹൃദ്രോഗം കാരണം ശസ്ത്രക്രിയ വേണ്ടിവന്നു. അതോടെ ലക്ഷ്യമിട്ടിരുന്ന സംരംഭങ്ങൾ ഉപേക്ഷിക്കേണ്ടി വന്നു.

തുടർന്ന് പെരിയയിൽ ഓട്ടോറിക്ഷ ഓടിച്ചായിരുന്നു ജിനേഷിന്റെ ഉപജീവനം. ഇതിനിടയിൽ അമ്മ നാരായണിയെയും ഹൃദ്രോഗം പിടികൂടി. അവർക്കും ആൻജിയോപ്ലാസ്റ്റി വേണ്ടിവന്നു.



ചികിത്സയ്ക്കാവശ്യമായ തുക കണ്ടെത്താനുള്ള പരക്കംപാച്ചിലിനിടയിലാണ് അമ്മ തന്റെ കൈവശം ഒരു RSBY കാർഡ് ഉണ്ടെന്ന കാര്യം ഓർത്തത്. അത് കണ്ടുപിടിച്ചെടുത്തതോടെ കാര്യങ്ങളെല്ലാം സുഗമമായി.

കാർഡുമായി അവർ ആശുപത്രിയിലെ കാരുണ്യ കിയോസ്കിലെത്തി. ആധാർ കാർഡും റേഷൻ കാർഡുമടക്കമുള്ള രേഖകൾ സമർപ്പിച്ചു. പരിശോധനയിൽ കുടുംബത്തിന് പ്രതിവർഷം അഞ്ചു ലക്ഷം രൂപയുടെ ചികിത്സാസഹായം ലഭിക്കാൻ അർഹതയുണ്ടെന്ന് മനസ്സിലായി. അതുപയോഗപ്പെടുത്തി 2023 ഒക്ടോബർ 26 നു ചെലവേതുമില്ലാതെ ആൻജിയോപ്ലാസ്റ്റി ചെയ്തു. അസുഖം ഭേദമായി അമ്മ സാധാരണജീവിതത്തിലേക്ക് മടങ്ങി.

തുടർചികിത്സയ്ക്കും ഈ പദ്ധതിയുടെ സഹായം ഒപ്പമുണ്ടാവുമെന്ന ഉറപ്പിൽ ഒരു കുടുംബത്തിന്റെ കൂടി ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനായതിന്റെ ചാരിതാർഥ്യത്തിലാണ് കാസ്പ് ജീവനക്കാരും ആശുപത്രിയിലെ ആരോഗ്യപ്രവർത്തകരും

–

**സിബിൻ ജോസഫ്.**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
കാസറഗോഡ്

കാരുണ്യകേരളം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വാർത്താപത്രിക

വാല്യം : 01
ലക്കം : 12
2023 ഡിസംബർ

# 'മഹാമാരികളെ കേരളം നേരിട്ടതെങ്ങനെ' ആരോഗ്യരംഗത്തെ അനുഭവ സദസ്സായി ആരോഗ്യകേരളം സെമിനാർ




**കേ**രളീയം 2023 ന്റെ ഭാഗമായി ആരോഗ്യകേരളത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സെമിനാർ സംഘടിപ്പിച്ചു. 'മഹാമാരികളെ കേരളം നേരിട്ട വിധം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ആരോഗ്യരംഗത്തെ വെല്ലുവിളികളുടെയും അതിജീവനത്തിന്റെയും തുറന്ന പുസ്തകമായി മാറി. ആരോഗ്യ മന്ത്രി വീണ ജോർജ്ജ് സെമിനാർ ഉദ്ഘാടനം ചെയ്തു.

എം.എൽ.എയും മുൻ ആരോഗ്യമന്ത്രിയുമായിരുന്ന കെ.കെ.ശൈലജ ടീച്ചർ, ഗ്ലോബൽ ഹെൽത്ത് വിദഗ്ധൻ ഡോ. റിച്ചാർഡ് എ. ക്യാഷ്, എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. സൗമ്യ സ്വാമിനാഥൻ, സി.എം.സി. വെല്ലൂർ ശിശുരോഗ പൊതുജനാരോഗ്യ വിദഗ്ധൻ ഡോ. ജേക്കബ് ടി ജോൺ, സി.എം.സി. വെല്ലൂരിലെ വൈറോളജിസ്റ്റ് ഡോ. പ്രിയ ഏബ്രഹാം, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മുൻ അംഗവും കോവിഡ് വിദഗ്ധ സംഘം ചെയർപേഴ്സണുമായ ഡോ. ബി. ഇക്ബാൽ, ആരോഗ്യവകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ, ആരോഗ്യ വകുപ്പ് മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ തുടങ്ങി ആരോഗ്യ രംഗത്തെ വിദഗ്ധർ പ്രഭാഷണം നടത്തി.

പ്രളയം, നിപാ, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ നേരിട്ടു കൊണ്ട് ആരോഗ്യ രംഗം ഇന്നും രാജ്യത്ത് ഒന്നാമതായി തുടരുന്നത് സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, ആരോഗ്യസംവിധാനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് ആരോഗ്യ മന്ത്രി വ്യക്തമാക്കി. അതോടൊപ്പം സംസ്ഥാനത്തിന്റെ കർമ്മ പദ്ധതികളും വാക്സിൻ പോളിസികളും മന്ത്രി വിശദീകരിച്ചു.



ആരോഗ്യകേരളം സംസ്ഥാന മിഷൻ ഡയറക്ടർ കെ.ജീവൻ ബാബു സ്വാഗതവും ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന നന്ദിയും പറഞ്ഞു.




Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: Thejus Thomas
Design and layout: Arun. V. Dev (Devgraph) #9961213370 (For Private Circulation only)